"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ "പശുപാറ 7-ാം നമ്പർ വാഗമൺ ലിങ്ക് റോഡ്" എന്ന പ്രവൃത്തിക്ക് 3 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.103/2026/LSGD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-

1. 06.02.2021 ലെ സ.ഉ(കൈ)നം.29/2021/തസ്വഭവ.
2. 10.11.2021 ലെ സ.ഉ(സാധാ)നം.2245/2021/തസ്വഭവ.
3. 24.08.2024 ലെ സ.ഉ.(കൈ)നം.111/2024/തസ്വഭവ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02.05.2024,08.09.2025, 29.01.2026 തീയതികളിലെ LSGD/PD/7310/2024-DB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ 9,16,17 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന പശുപ്പാറയെയും വാഗമണിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന "പശുപാറ 7-ാം നമ്പർ വാഗമൺ ലിങ്ക് റോഡ്" കാലങ്ങളായി തകർന്നു കിടക്കുകയാണെന്നും, റോഡിന്റെ പല ഭാഗത്തും വെള്ളക്കെട്ടും കുത്തനെയുള്ള കയറ്റവും ഉള്ളതിനാൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതാണ് ഉചിതമെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും, 2850 മീറ്റർ നീളമുള്ള ഈ റോഡിന്റെ കുറച്ചുഭാഗം ഉപ്പുതറ ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണെന്നും, ബാക്കിയുള്ള 2540 മീറ്റർ ദൂരം പ്രവൃത്തി ചെയ്യുന്നതിനായി എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതാണെന്നും, ഈ പ്രവൃത്തിക്കായി 2540 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും, ഇരു വശങ്ങളിലുമായി 1640 മീറ്റർ നീളത്തിലും, ഒരു വശത്തുമാത്രമായി 350 മീറ്റർ നീളത്തിലും ഐറിഷ് ഓട ചെയ്യുന്നതിനും, 56 മീറ്റർ നീളത്തിൽ DR Masonry വർക്ക് ചെയ്യുന്നതിനും, 80 മീറ്റർ നീളത്തിൽ സിമെന്റ് കോൺക്രീറ്റ് വാൾ ചെയ്യുന്നതിനും, 6 No. Pipe culvert നും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും 18% ജി.എസ്.ടി ഉൾപ്പെടുത്തി 3 കോടി രൂപയിൽ അധികരിക്കാതെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ

ടി പ്രവൃത്തിക്ക് 3 കോടി രൂപയുടെ ഭരണാനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ല - ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ "പശുപാറ 7-ാം നമ്പർ വാഗമൺ ലിങ്ക് റോഡ്" എന്ന പ്രവൃത്തിക്ക് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി 3 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവുകൾ '4515-00-800-92(NP) ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

**1) TS authority shall ensure that concrete road proposed is the most economical option considering the traffic/terrain and extended life span which is maintenance free.**

**2) The CC retaining wall proposed is on the higher side and shall be regulated. Hence the CC retaining wall proposed shall be reviewed as per the Circular No.87/2016/Finance (Insp-tech) dated 18-11-2016 & Circular No.64/2021/Fin dated 05-08-2021 considering economy and stability.**

**3) TS authority shall ensure that he Irish drains/hard shoulders proposed are at curves and steep gradients only and as per the prevailing site condition and may limit the width to 50cm as far as possible.**

**4) Fresh tenders shall be invited for the work since the scope and nature of work has changed.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 06-07-2026 14:59:54